# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 1500. **06-03-2017 ൽ മറുപടിയ്ക്ക്**

## വരൾച്ച കാരണമുള്ള നെൽകൃഷി നാശം

**ചോദ്യം**

ശ്രീ.പാറക്കൽ അബ്ദുല്ല

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വരൾച്ച രൂക്ഷമാകുന്നതോടെ സംസ്ഥാനത്തിന്റെ രണ്ടാംവിള നെൽകൃഷി പൂർണ്ണമായും നാശത്തിലേക്ക് നീങ്ങുന്നതായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വരൾച്ച കാരണം അറുപത് ശതമാനം നെൽകൃഷി നാശം ഇത്തവണ ഇതിനകം സംഭവിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ജില്ലകളിൽനിന്ന് ലഭിച്ച പ്രാഥമിക കണക്ക് പ്രകാരം സംസ്ഥാനത്ത് വരൾച്ച മൂലം നാൽപതു ശതമാനം നെൽകൃഷി നശിച്ചതായി കണക്കാക്കിയിട്ടുണ്ട്. |
| (സി) | പ്രധാനപ്പെട്ട നെല്ലുല്പാദനകേന്ദ്രങ്ങളിൽ നിന്ന് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് നെല്ല് സംഭരണം വളരെ കുറവാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 2016-17 ഒന്നാം സീസണിൽ നെല്ല് സംഭരണത്തിൽ കുറവുണ്ടായിട്ടില്ല. 2016-17 രണ്ടാം സീസണിലെ നെല്ല് സംഭരണം നടന്നുകൊണ്ടിരിക്കുന്നതിനാൽ ആയത് പൂർത്തീകരിച്ചാൽ മാത്രമേ സംഭരിച്ച നെല്ലിന്റെ കണക്ക് പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) | വരൾച്ച കൂടുന്നതും നെല്ല് ഉല്പാദനം കുറയുന്നതും അരിവില കുതിച്ചുയരുന്നതിന് കാരണമാകുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഡി) | വരൾച്ച കൂടുന്നതും നെല്ല് ഉല്പാദനം കുറയുന്നതും അരിവില കുതിച്ചുയരുന്നതിന് കാരണമാകുന്നുണ്ട്. സംസ്ഥാനത്ത് വരൾച്ച മൂലം 66340 ഏക്കർ നെൽകൃഷി നാശം (ഞാറ്റടി ഉൾപ്പെടെ) ഉണ്ടായതായിട്ടാണ് പ്രാഥമിക വിവരം. ഇതുമൂലം ഉല്പാദനത്തിൽ 119412 ടണ്ണിന്റെ കുറവ് വരുമെന്നാണ് കണക്കാക്കുന്നത്. |

സെക്ഷൻ ഓഫീസർ